## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3639 15.12.2014-ൽ മറുപടിയ്ക്ക്

### ഫ്രണ്ട് ഓഫീസ് സംവിധാനം

| | ചോദ്യം<br>ശ്രീ. കെ. അച്ചുതൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. റ്റി. ബൽറാം<br>,, സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുമോ: | (എ) യും (ബി) യും (സി) യും | 18.11.2009-ലെ സ.ഉ. (കൈ) നം.257/2009/ പൊ.ഭ.വ ഉത്തരവ് പ്രകാരം പ്രവർത്തനമാരംഭിച്ച സെക്രട്ടേറിയറ്റിലെ മൂന്ന് സന്ദർശക സഹായക കേന്ദ്രം വഴി അപേക്ഷകൾ സ്വീകരിക്കുവാനും ഫയൽ സംബന്ധമായ വിവരങ്ങളും മറ്റ് സൗകര്യങ്ങളും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സന്ദർശകർ കൊണ്ടുവരുന്ന പരാതികൾ വാങ്ങി 3 പേജ് വരെയുള്ളവ സ്കാൻ ചെയ്ത് കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യതിന് ശേഷം പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് തത്സമയം അയച്ചുകൊടുക്കുന്നുണ്ട്.<br>2. സന്ദർശകർക്ക് നേരിട്ട് ബന്ധപ്പെട്ട സെക്ഷനിൽ സന്ദർശിക്കുവാൻ പാസ് നൽകാറുണ്ട്. പരാതി സന്ദർശകർ തന്നെ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യം നൽകുന്നുണ്ട്.<br>3. ഓരോ ദിവസവും കേന്ദ്രത്തിൽ സ്കാൻ ചെയ്യുന്ന പരാതികൾ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ സിസ്റ്റം വഴി തത്സമയം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതോടൊപ്പം അവിടെ ഏൽപ്പിച്ചു പോകുന്ന പരാതികളുടെ ഒറിജിനൽ പതിപ്പ് അതാത് ദിവസം ബന്ധപ്പെട്ടവർക്ക് 5 മണിയോടുകൂടി എത്തിച്ചു കൊടുക്കുന്നുണ്ട്.<br>4. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങളും മറ്റു വിവരങ്ങളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കുന്നുണ്ട്.<br>5. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലും സെക്ഷനുകളിൽ നിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തിരം ശേഖരിച്ചുനൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് ഇത് വഴി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്: | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ